# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2339 — 18/03/2015-ൽ മറുപടിക്ക്

## ആദിവാസി കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി ഊരുകളിലും കോളനികളിലും പോഷകാഹാര കുറവ് മൂലം കുട്ടികൾ മരണപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) | അമ്മമാരുടെ പോഷണക്കുറവും ഗർഭകാല പരിചരണത്തിന്റെ അഭാവം മൂലവും ആരോഗ്യകുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി മേഖലയിലാണ് അത്തരത്തിലുള്ള മരണങ്ങൾ കാണപ്പെട്ടിട്ടുള്ളത്. ഗർഭകാലത്ത് കൃത്യമായ ചികിത്സ തേടാതിരിക്കൽ, വീടുകളിൽ നടക്കുന്ന പ്രസവം, യഥാസമയം ഭക്ഷണം കഴിക്കാതിരിക്കൽ, മാസം തികയാതെയുള്ള പ്രസവം, പ്രായപൂർത്തിയാകുന്നതിന് മുമ്പുള്ള ഗർഭധാരണം, ആരോഗ്യ സംരക്ഷണം സംബന്ധിച്ച അവബോധമില്ലായ്മ, തുടങ്ങിയ വിവിധ കാരണങ്ങൾ മൂലം മരണങ്ങൾ സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പൊതുവിൽ പരമ്പരാഗത ജീവിത ശൈലിയിലുണ്ടായ മാറ്റം പ്രധാനകാരണങ്ങളിൽ ഒന്നാണ്. |
| (ബി) | എങ്കിൽ കുട്ടികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ഐ.സി.ഡി.എസ്. ന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു.<br>• പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്തു വരുന്നു.<br>• അട്ടപ്പാടി മേഖലയിൽ 130 പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സമൂഹ അടുക്കള നിലവിൽ പ്രവർത്തിച്ചു വരുന്നു.<br>• പോഷണ കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും "ജാതക് ജനനി സോഫ്റ്റ്‌വെയർ" ഉപയോഗിക്കുന്നു.<br>• പോഷണ കുറവുള്ള കുട്ടികളെ കണ്ടെത്തി |

| | | | |
|---|---|---|---|
| | | | അവർക്ക് പ്രത്യേക ചികിത്സയും പോഷകാഹാരവും നൽകുന്നതിന് ന്യൂട്രീഷൻ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br>• മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി മേഖലകളിൽ പ്രവർത്തിക്കുകയും വിദൂര ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. അംഗൻവാടി വർക്കർമാർ. ആശാ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർ. ആരോഗ്യ പ്രവർത്തകർ എന്നിവർ കൃത്യമായ ഇടവേളകളിൽ വീടുകൾ സന്ദർശിക്കുകയും ഗർഭിണികൾ,മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ എന്നിവർക്ക് ആവശ്യമായ ചികിത്സ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.<br>• എ.പി.എൽ. ബി.പി.എൽ. ഭേദമന്യേ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങിക്കുന്നതിനായി പ്രതിമാസം 1000/- രൂപ നിരക്കിൽ (ജനനീ ജന്മ രക്ഷ പദ്ധതി പ്രകാരം) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് മണിയോർഡർ ആയി തുക ഗുണഭോക്താക്കൾക്ക് നൽകുന്നു. |

(signature)
**സെക്ഷൻ ഓഫീസർ**